MR. EAPEN ARAKKAL : കരപ്പുറം താലൂക്കിലെ ജോലിയില്ലാതെ കിടക്കുന്ന അനേകായിരം തൊഴിലാളികൾക്ക് വേണ്ട സഹായവും നൽകുന്നതിനായി ഒരു കാളനൈസേഷൻ പദ്ധതി ഗവണ്മെൻറ് സ്വീകരിക്കാൻ ഭയവുണ്ടാകുമോ ?

HON'BLE MR. V. O. MARKOS : തൊഴിലാളികൾ കരപ്പുറം പ്രദേശത്തുമാത്രമല്ല തിരുവിതാംകൂറിൻെറ പല ഭാഗങ്ങളിലും ഉണ്ട്. ക്രൂടാതെ പിന്നോക്കസമുദായത്തിൽപ്പെട്ട ആളുകളും ധാരാളം ഉണ്ട്. അവരെ ഉദ്ദേശിച്ചാണ് കാളനൈസേഷൻസ്കീം ഉണ്ടാക്കണമെന്ന് ഗവണ്മെൻറ് വിചാരിക്കുന്നത്.

MR. A. K. PACHU PILLAI : സാമുദായികസംഘടനകൾക്ക് സ്ഥലം കൊടുക്കാൻ പാടില്ലെന്ന് ഗവണ്മെൻറ് നിർദ്ദേശം അയച്ചിട്ടുണ്ടോ?

HON'BLE MR. V. O. MARKOS : സ്ഥലം കോവോപ്പറേറ്റീവ് സൊസൈറ്റീസ് മുഖാന്തിരം കൊടുക്കണമെന്നാണ് വ്യവസ്ഥ. സമുദായസംഘടന കോർപ്പറേറ്റഡ് ബാഡിയാണെങ്കിൽ കിട്ടുന്നതാണ്.

WRITTEN ANSWERS.

പെരുമ്പാവൂർ കാളച്ചന്ത.

* 239. MR. A. V. JOSEPH (*Kunnathunad I—General*): താഴെ കാണുന്ന ചോദ്യത്തിനു ബഹു: ലോക്കൽവകുപ്പ് , മന്ത്രി സദയം മറുപടി നൽകുമോ?

കുന്നത്തുനാട് താലൂക്കിൽ പെരുമ്പാവൂർ കാളച്ചന്തയിൽ അക്രമമായി കൂടുതൽ പിരിവു് നടക്കുന്നുണ്ടെന്നും ഗവണ്മെൻറ് നിരക്കെഴുതിയിട്ടുള്ള പരസ്യപ്പലക മാക്കറിൽ കേറുന്നവക്ക് കാണുവാൻ സാധിക്കാത്ത വിധത്തിൽ മാക്കറും ഗേറും മാറിയിരിക്കുകയാണെന്നും, കാണിച്ച് അവിടെ നിന്നും വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി നടത്തിയിട്ടുണ്ട്.

HON'BLE MR. V. O. MARKOS : ഉണ്ട് . പരാതിയെപ്പറ്റി ചട്ടപ്രകാരം നടപടി നടത്തുന്നുണ്ട്.

Scale of pay of Nurses etc.

*240. MISS ANNIE MASCARENE (*Trivandrum I—Latin Catholic*): Will the Hon'ble Minister for Medical be pleased to state:

(*a*) what is the scale of pay of nurses;

(*b*) what is the scale of pay of Assistant Surgeons; and

(*c*) has the Government any scheme of raising the salary of Assistant Surgeons?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. E. K. MADHAVAN:

(*a*)	Staff Nurses	Rs. 50	per mensem.
	I Grade Nurse	Rs. 30-3-45	"
	II Grade Nurse	Rs. 25-1-30	"
(*b*)	Assistant Surgeons.		
	I Grade	Rs. 175-10-225	"
	II Grade	Rs. 125-10-175	"
	III Grade	Rs. 80-5-125	"

(*c*) A Pay Commission has been appointed to formulate schemes for the revision of pay of all Government servants.

അഡീഷനൽ കോട്ടാ.

* 241. MR. P. C. GEORGE (*Pathanamthitta I—General*): താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കഴിഞ്ഞകൊല്ലം കോഴഞ്ചേരിയിലെ ഒരു മൊത്തവ്യാപാരിക്കു് ക്വട്ടതൽ (over issue) കൊടുത്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു എങ്ങനെയുണ്ടായി? എങ്ങനെതീർത്തു?

HON'BLE MR. V. O. MARKOS:

(a) No.

(b) Does not arise in view of reply to (a)

Railway from Trivandrum to Cape.

*242. MR. R. CHELLASWAMI NADAR (*Vilavancode—Hindu Nadar*) Will the Hon'ble Minister for Railways be pleased to state whether the Government have any idea to extend the railway from Trivandrum to Cape?

HON'BLE MR. A. J. JOHN. No.

എക്സൈസ് കാരുടെ അനീതികൾ.

* 243. MR. A. V. JOSEPH: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു: എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) പറവൂർ താലൂക്കു് ഇടപ്പള്ളി തെക്കുംഭാഗത്തുകൂടി കൊച്ചിയിലേയ്ക്കു, അളകൾ ധാരാളം പച്ചക്കറികൾ, വയ്ക്കോൽ, മുതലായവ കടത്തിക്കൊണ്ടു പോകുന്നുണ്ടോ?

(ബി) അവിടെയെല്ലാം എക്സൈസുകാർ കാവലുള്ളപ്പോൾ ഇതുപോലെ ഒരനീതി നടക്കുന്നതിന്റെ കാരണമെന്തെന്നു് ഗവണ്മെന്റിനു് അറിയാമോ?

HON'BLE MR. E. K. MADHAVAN (a) No:

(b) In view of the answer to Part (a) this question does not arise.

LIBRARY ARCHIVES Kerala Legislative Assembly